# ധ്വനി

## എച്ച് എസ് കുത്തനൂർ

### കുഴൽമന്ദം പാലക്കാട്





# വെളിച്ചമേ നയിച്ചാലും

# ആമുഖം

2022-25 ലിറ്റിൽ കൈറ്റ് യൂണിറ്റിന്റെ മലയാളം കമ്പ്യൂട്ടിങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ ധ്വനിഎന്ന ഡിജിറ്റൽ മാഗസിൻ . സ്കൂളിലെ കൈറ്റ് അംഗങ്ങൾ അല്ലാത്ത കുട്ടികളുടെയും രചനകൾ ഈ മാഗസിനിൽ ചേർത്തിരിക്കുന്നു.കുട്ടികളുടെ സർഗശേഷി കണ്ടെത്താനും കൈറ്റ് കുട്ടികളുടെയും  മലയാളം ടൈപ്പിങ് പരിപോഷിപ്പിക്കുന്നതിനും ഒപ്പം തന്നെ ഒരു മാഗസിൻ എങ്ങനെ രൂപകൽപ്പന ചെയ്യാം എന്നും ഈ ഒരു ഡിജിറ്റൽ മാഗസിൻ പ്രവർത്തനത്തിലൂടെ പഠിപ്പിക്കാൻ കഴിയും.

# ആശംസ

ലിറ്റിൽ കൈറ്റ് യൂണിറ്റിലെ മലയാളം കമ്പ്യൂട്ടിംഗണ് പരിശീലനത്തിന്റെ ഭാഗമായി കുട്ടികൾ ടൈപ്പ് ചെയ്ത തയ്യാറാക്കിയ ധ്വനി എന്ന ഡിജിറ്റൽ മാഗസിന്എന്റെഎല്ലാ വിധ ആശംസകളും

മലയാളം ഭരണഭാഷയാക്കിയ ഈ കാലഘട്ടത്തിൽ മലയാളം ടൈപ്പിങ് പരിജ്ഞാനം നിങ്ങൾക്ക് ഭാവിയിലും ഉപകാരപ്രദമായിതിരട്ടെ എന്നും ആശംസിക്കുന്നു



എന്ന്

മാനേജർ

ഗോപകുമാർ പണിക്കർ

എച്ച് എസ് കുത്തനൂർ

# ആശംസ

സ്കൂളിൽ ലിറ്റിൽ കൈറ്റ് യൂണിറ്റിന്റെ പഠന പരിശീലനത്തിന്റെ ഭാഗമായി കുട്ടികൾ തയ്യാറാക്കിയ ധ്വനി എന്ന മാഗസിൻ 5 മുതൽ 10 വരെ ക്ലാസുകളിലെ കുട്ടികളുടെ രചനകൾ കൈറ്റ് കുട്ടികൾ ടൈപ്പ് ചെയ്ത് ചേർത്തിട്ടുണ്ട് മലയാളം കമ്പ്യൂട്ടിങ്ങിനൊപ്പം കുട്ടികളുടെ സർഗശേഷിയും പേഷിപ്പിക്കുന്ന ഈ മാഗസിനിന്റെ പ്രവർത്തനത്തിന് എല്ലാ വിധ ആശംസകളും നേരുന്നു

എന്ന്



എച്ച് എം
സൈന ടീച്ചർ
എച്ച് എസ് കുത്തനൂർ

# ഉള്ളടക്കം

1 എന്റെ കേരളം

2 എന്റെ കേരളം -കവിത

3 മഴയനുഭവം

4 20 ലക്ഷം പേരെ കൂട്ടക്കൊല ചെയ്ത കൊച്ചുഗ്രാമത്തിൽ

5 നക്ഷത്രങ്ങളുടെ കൂട്ടുകാരി

6 അമ്മ

7 അത്യാഗ്രഹിയായ സ്ത്രീ

8 ശിവരാത്രി

9 സഹാനുഭൂതിയുടെയും അനുകമ്പയുടെയും പരിവർത്തന ശക്തി

10 യാത്രവിവരണം

# എന്റെ കേരളം

ഇന്ത്യയുടെ
തെക്കുപടിഞ്ഞാറൻ
മേഖലയിലാണ് കേരളം സ്ഥിതി
ചെയ്യുന്നത്.
പ്രകൃതി സൗന്ദര്യം നിറഞ്ഞ ഒരു
സംസ്ഥാനമായ കേരളം "
ദൈവത്തിന്റെ സ്വന്തം നാട്"
എന്നും അറിയപ്പെടുന്നു. പുരാണ
കഥകൾ അനുസരിച്ച്,
ലോകത്തിന്റെ സൃഷ്ട്ടാവായ
വിഷ്ണുവിന്റെ അവതാരമായ
പരശുരാമൻ തന്റെ മഴു
ഉപയോഗിച്ച് കേരളം സൃഷ്ടിച്ചു
എന്ന്
പറയപ്പെടുന്നു. "തെങ്ങുകളുടെ
നാട്"എന്നാണ് കേരളം
അറിയപ്പെടുന്നത്. സംസ്ഥാനത്ത്
എവിടെയും തെങ്ങുകൾ കാണാം.
ഇത് സംസ്ഥാനത്ത് പ്രകൃതി ഭംഗി
നൽകുന്നു . കേരള-
ത്തിന്റെ ഔദ്യോകിക ഭാഷ
മലയാളമാണ്. കേരളത്തിൽ
ഏറ്റവും കൂടുതൽ ആളുകൾ സം-
സാരിക്കുന്ന ഭാഷ കൂടിയാണ്.
തമിഴ്നാട്, കർണാടക,
ആന്ധ്രപ്രദേശ് എന്നിവയാണ്
കേര-
ളത്തിന്റെ അയൽ
സംസ്ഥാനങ്ങൾ. കേരളത്തിന്റെ
തലസ്ഥാന നഗരമാണ്
തിരുവനന്തപു-
രം. കേരളം
സുഗന്ധവ്യഞ്ജനങ്ങൾക്കും
പ്രത്യേകിച്ച് കറുത്തകുരുമുളകിനും
പ്രശസ്തമാണ്.
ഇക്കാരണത്താൽ കേരളം "
ഇന്ത്യയുടെ സുഗന്ധവ്യഞ്ജന
ഉദ്യാനം " എന്നും അറിയപ്പെടു-
ന്നു. കേരളം ഇന്ത്യയിലെ ഏറ്റവും
വൃത്തിയുള്ള സംസ്ഥാനമാണ്
കൂടാതെ രാജ്യത്തെ ഏറ്റ-
വും ഉയർന്ന സാക്ഷരതാ നിരക്കും
ഇവിടെയാണ്. ഈ
സംസ്ഥാനത്തിന്റെ പ്രധാന
തുറമുഖ-
മാണ് കൊച്ചി, "ഇത്
അറബിക്കടലിന്റെ റാണി " എന്ന്
അറിയപ്പെടുന്നത്. എല്ലാ വർഷവും
എല്ലാ കേരളീയരും
ആഘോഷിക്കുന്ന പരമ്പരാഗത
ഉത്സവമാണ് ഓണം. മഹാബലി
മഹാ-
രാജാവ് ഈ ദിവസം
എല്ലാവരുടെയും വീടുകൾ
സന്ദർശിക്കുമെന്ന്
വിശ്വസിക്കപ്പെടുന്നു.
മഹാബലിയെ വരവേൽക്കാൻ
ആളുകൾ ഈ ദിവസം വീടുകൾക്ക്
മുന്നിൽ പൂക്കോലങ്ങൾ
ഇടുന്നു. ലോകത്തിന്റെ വിവിധ
ഭാഗങ്ങളിൽ നിന്നുള്ളവരുടെ
വിനോദസഞ്ചാര കേന്ദ്രമാണ്
കേരളം.

Navya mol. S

9 A

# എന്റെകേരളം

മലയാളമേ നീ എത്ര സുന്ദരം
മലയാളമേ നിൻ അകഷരം
നിൻ വാക്യത്തിൽ ഉച്ചരിച്ചാൽ മനോഹരം
കേരളത്തിൻ മാതൃ ഭാഷമാണല്ലോ നീ
മഹത്വത്തിൻ മാതൃ ഭാഷയാണല്ലോ നീ

പുലരും പാതിരാ വരെ,
നിന്നെയാണല്ലോ ഞാൻ ഉച്ചരിക്കുന്നത്
എത്രയെത്ര ആളുകൾ  നീ കാരണം
ഉയരങ്ങളിലും ആഴങ്ങളിലും എത്തി
എന്റ ജന്മ ഭാഷമാണല്ലോ നീ
പാടിപുകഴ് ത്തുന്നു നിന്നെ ഞങ്ങൾ

നന്മയുടെ പ്രതീകം നീ കൂടി
എന്റ സ്വന്തം മലയാളമെ
നിൻ സുന്തരം ആർക്കറിയാം
നിന്റ മഹത്വം ആർക്കറിയാം
നീയെ ലോകമാന്യനെ

നീ എൻ ദൈവമേ
ജനനം മുതൽ മരണം വരെ
നീ എൻ ഭാഷ
കേരളത്തിൻ മണ്ണിൽ പിറന്നവല്ലോ നീ
എൻ സ്വന്തം ഭാഷ കൂടിയാണല്ലോ നീ

എബിൻ മാത്യൂ
5-C





# മഴയനുഭവം

ഈ മഴ എനിക്ക് മറക്കാൻ കഴിയാത്ത അനുഭവമാണ് സമ്മാനിച്ചത്.
സ്കൂൾ  തുറക്കാൻ കാത്തിരുന്ന ഒരു കുട്ടിയെ പോലെ മഴയും വന്നെത്തി.
പുതിയ യൂണിഫോമും ബാഗും എടുത്ത് മഴ വരാൻ വേണ്ടി വീടിന് മുമ്പിൽ കാത്തിരിക്കും.
മഴയ്ക്കൊപ്പംസ്കൂളിലേക്ക് പുറപ്പെടും. മഴ നനയാൻ വേണ്ടിയാടോ.
അങ്ങനെ ചളിയിൽ ചവിട്ടി നടക്കുമ്പോൾ അടുത്ത്ഒരു വലിയ കുഴിയില്ല് കുറേ
വെള്ളം കെട്ടിനിക്കുന്നു.അത് വഴിവന്നു ഒരു കാർ.... .............
ആ ചെളി മുഴുവനും യൂണിഫോമിലായി. ആ ദിവസം മറക്കാനാവത്ത മഴ ആയിരുന്നു.

Femia
fathima.

5.D

# 20 ലക്ഷം പേരെ കൂട്ടക്കൊല ചെയ്ത കൊച്ചുഗ്രാമത്തിൽ

ചരിത്രത്തിൽ പിന്നോട്ട് സഞ്ചരിച്ച്, ഒരു 200 വർഷം പിറകിലേക്ക് എത്തിയാൽ എങ്ങനെയിരിക്കും? അതുപോലെയാണ് പോളണ്ടിലെ ക്രാക്കോവ് എന്ന നഗരത്തിൽ എത്തുമ്പോഴുള്ള അനുഭവം .അതിസുന്ദരമായ കെട്ടിടങ്ങൾ അതിരിട്ടുനിൽക്കുന്ന വലിയൊരു സ്ക്വയർ .ചെത്തിമിനുക്കിയ കല്ലുവിരിച്ചരിക്കുകയാ -ണ് ആ സ്ക്വയറിൽ മുഴുവൻ . അതിലൂടെ ഏതു സമയവും കുതിരവണ്ടികൾ കടന്നുപോകുന്നു . നല്ല മെഴുത്ത കുതിരയെ പൂട്ടിയ വണ്ടികൾ . കുതിരക്കുളമ്പടി ശബ്ദം സ്ക്വയറി-ൽ എപ്പോഴും മുഴങ്ങിക്കൊണ്ടിരിക്കും . രണ്ടോ മൂന്നോ ഫുട്ബോൾഗ്രൗണ്ടുകൾ ചേരുന്നതിനോളം വലിപ്പമുള്ള സ്ക്വയറാണ് . അതിന്റെ ഓരങ്ങളുളിൽ നിരവധി ചെറിയ റെസ്റ്റോറന്റുകൾ . ആയിരക്കണക്കിന് ടൂറിസ്റ്റുകളാണ് ഈ സ്ക്വയറിൽ ഓരോ ദിവ-സവും വന്നുചേരുന്നത് . എപ്പോഴും ഉൻമേഷദായകമായ അനുഭവം നൽകുന്ന ഒരു നഗരം . ഞാനവിടെയെത്തിയത് ക്രാക്കോവിന്റെ കാഴ്ച്ചകൾ കാണാൻ വേണ്ടി മാത്രമല്ല .ഈ സുന്തരമായ ക്രാക്കോവ് നഗരത്തിനടുത്ത് ഒരു ചെറിയ ഗ്രാമമുണ്ട് . ലോകം മുഴുവൻ ഭീതിവിതച്ച ഒരു കാലഘട്ടത്തിന്റെ സ്മാരകമെന്നോണം നിലകൊള്ളുന്ന ഗ്രാമം . ചുരുങ്ങിയ കാലംകൊണ്ട് ഇരുപതുലക്ഷത്തിലേറെ ആളുകളെ കൊന്ന് ചുട്ടുചാരമാക്കിയ ഒരു ഗ്രാമം . ഓഷ്വിറ്റ്സ് എന്നാണ് ആ ഗ്രാമത്തിന്റെ പേര് .

സുന്ദരമായ ക്രാക്കോവിൽ നിന്നും ഭീതിതമായ ഓഷ്-വിറ്റ്സിലേക്കുള്ള യാത്രക്കായാണ് ഞാനവിടെയെത്തിയത് . അന്ന് ഉച്ചവരെ ക്രാക്കോവിലെ പല കാഴ്ചകളിലൂടെയും സഞ്ചരിച്ചു. തുടർന്ന് ഒരു മിനി ബസ്സിൽ കുറെ ടൂറിസ്റ്റുകൾക്കൊപ്പം ഓഷ്വിറ്റ്-സിലേക്കു യാത്രയായി . ഒന്നരമണിക്കൂറിന്റെ യാത്ര . പോളണ്ടിലെ ചെറുഗ്രാമങ്ങൾ പിന്നിട്ട്, വനപാതകൾതാണ്ടി സുന്തരമായ ഭൂപ്രകൃതിയിലൂടെ ഒടുവിൽ ഓഷ്വിറ്റ്സിലേക്ക് എത്തുകയായി .

# നക്ഷത്രങ്ങളുടെ കൂട്ടുകാരി

വാനിൽ ഇരുട്ടിനെ കീറി മുറിക്കും
പവിഴ മുത്താണു ഞാനെങ്കിൽ
ഭൂമിയിൽ നീയല്ലോ എൻ പ്രിയസഖീ
അന്ധകാരത്തെ തുരത്തും വെൺ മുത്ത്
ഇന്നു നീ എവിടെ പോയി ഈ രജനിയിൽ
അന്ധകാരം നിന്നെ വിഴുങ്ങിയതാണോ
അതോ നീ സ്വയം ഭൂമിയിൽ താഴ്ന്ന പോയതോ
ഇരുട്ടിനെ വെല്ലും സത്യമാണു നീ
നീ ഇന്നെവിടെ പോയി എൻ പ്രിയ സഖീ
മാനവർ നിന്നെ ഭൂമിൽ താഴ്ത്തി കൊണ്ട്
അവർ സ്വയം ഭൂമിയിൽ താഴ്ന്ന പോകുന്നുവോ
നിൻ സുഗന്ധം അവർ മറന്നുവോ സഖീ..?
നിൻ വെൺമ അവർ വിസ്മരിച്ചുവോ..?

ശ്രീനന്ദ് എൻ
8ബി

# അമ്മ

ജനനം മുതൽ  അമ്മതൻ നെഞ്ചിൽ
ഉറങ്ങീടുന്ന നീ മർത്ത്യാ
അമ്മയെന്നു വിളിക്കാത്ത ദിനം
ഉണ്ടോ നിനക്ക്
പുഞ്ചിരിയും പൊട്ടികരച്ചിലും അമ്മയിൽ
കണ്ടു നീ വളർന്നീല്ലേ
അമ്മക്കു പകരമാവുമോ
മറ്റെതൊരു വ്യക്തിയും നിൻ ജീവിതത്തിൽ
കൈ വളരുന്നോ കാൽ വളരുന്നോ
എന്ന് നോക്കി നോക്കി വളർത്തിയൊരമ്മയേ
പ്പോലെ ആവുമോ മറ്റോരാൾ
ഈ മർത്യ ഭൂവിൽ
ഒൻപതു മാസം നിന്നെ ചുമന്നു നടന്നു
പരിപാലിച്ചോരാ അമ്മ
സ്വന്തം ദുഃഖങ്ങളും വേദനയും മറച്ചു
നിത്യവും നിന്നെ സ്നേഹിക്കുന്ന അമ്മ!



-സാധന.എൽ
9 c

# അത്യാഗ്രഹിയായ സ്ത്രി

ഒരുഗ്രാമത്തിൽ രണ്ട് സുഹ്രത്തുക്കൾ
ഉണ്ടായിരുന്നു.അതിൽ ഒരാൾ
അത്യാഗ്രഹിയായിരുന്നു.ഒരു ദിവസം അവർ
കാട്ടിലൂടെ
പോവുകയായിരുന്ന .അവിടെ ഒരു കിണർ
ഉണ്ടായിരുന്നു.അറിയാതെ രണ്ടു പേരും
അതിൽ വീണു.അവരുടെ ശബ്ദം കേട്ട് ഒരാൾ
വന്നു.അവർക്ക് പലസാധനങ്ങളും
താഴെ ഇട്ടു കൊടുത്ത.
ഭക്ഷണവും ,പണവും ,ജീവൻ രഷിക്കുന്ന വസ്ത്രവും
ആയിരുന്നു.
അതിൽ ഭക്ഷണവും പണവും അത്യാഗ്രഹിയായ
സ്ത്രീ എടുത്തു.മറ്റയാൾ
ജീവൻ രഷിക്കുന്ന വസ്ത്രം എടുത്തു.അങ്ങനെ
പെട്ടന്ന് മഴ വന്നു അവൾ രഷപ്പെട്ടു.
എന്നാൽ അത്യാഗ്രഹിയായവൾ അവിടെ
പെട്ടുപോയി.
അത്രാഗ്രഹം ആപത്താണ് എന്ന് ഇതിൽ നിന്നും
മനസ്സിലാക്കാം.

ആദിത്യ.ജെ
9 C

# ശിവരാത്രി

അമ്മ ആകെ തിരക്കിലായിരുന്നു .എന്തിനോ ഒരുക്കം കൂട്ടുന്നതു പോലെതോന്നി
എന്താമ്മേ വിശേഷം!നാളെ ശിവരാത്രിയല്ലേ മോളേ വ്രതമെടുക്കേണ്ടേ നാളെ ശിവരാത്രിയെന്നു കേട്ടതും എനിക്ക് വലിയ ഉത്സാഹമായി. ഇന്ന് നേരത്തെ ഉറങ്ങാം എങ്കിലെ വെളുപ്പിനുണരാൻ പറ്റൂ. വ്രതമെടുക്കുന്നവരെല്ലാരും ചേർന്ന് വൈകിയിട്ട് അമ്പലത്തിലേക്ക് ഒരു പോക്കുണ്ട് വലിയ രസമാണ് എല്ലാരുംചേർന്ന് പാടവരമ്പിലൂടെ കാറ്റു കൊണ്ട് നടക്കാനും , പാടത്ത് കൊറ്റികൾ പാറിനടക്കുന്നത് കാണാനും . ഇന്നുമെനിക്കോർമ്മയുണ്ട് കഴിഞ്ഞാണ്ടിലെ ശിവരാത്രിയ്ക്ക് വൈകിയിട്ട് അമ്മയും ചേച്ചിമാരും ചേർന്ന് അമ്പലത്തിലെത്തിയത് . അമ്പലമുറ്റം നിറയെ ആളുകൾ . ഒരു വശത്ത് എഴുന്നള്ളത്തിനു കൊണ്ടുവന്ന ആന തലയാട്ടിയങ്ങനെ നില്ക്കുന്നു. തിരക്കിനിടയിലൂടെ ഞങ്ങൾ അമ്പലത്തിനുള്ളിൽ കടന്നു. എല്ലാ അലങ്കാരങ്ങളോടു തിളങ്ങി നിൽക്കുന്ന ശിവ ഭഗവാനെ തൊഴുതു വണങ്ങി. ചുറ്റിലും 'നമശിവായ, മന്ത്രം മാത്രം തൊഴുതു പുറത്തിറങ്ങുമ്പോഴേക്കും ഇരുട്ടിയിരുന്നു. പ്രസാദം വാങ്ങി കഴിച്ച ശേഷം ഞങ്ങൾ നേരേ പോയത് കലാപരിപാടികൾ നടക്കുന്നിടത്തേക്കാണ് . അധികം തിരക്കില്ലാത്ത ഒരു ഭാഗത്ത് ഞങ്ങളിരുന്നു. മനോഹരമായ നൃത്തങ്ങൾ കണ്ടു കൊണ്ടിരിക്കുമ്പോൾ
അമ്മയെന്നെചേർത്തു പിടിച്ചു. അമ്മയുടെ മടിയിലേക്ക് ചാഞ്ഞ് ഞാനറിയാതെ ഉറങ്ങി പോയി . പരിപാടി മുഴുവൻ കാണാത്തതിൽ എനിക്കിന്നും വിഷമമുണ്ട് . നാളെ ഞാൻ എന്തായാലും ഉറങ്ങാതിരിക്കും, ഉറപ്പ് .

കീർത്തന എസ്
9ബി

# സഹാനുഭൂതിയുടെയു ം അനുകമ്പയുടെയും പരിവർത്തന ശക്തി

സഹാനുഭുതിയും അനുകമ്പയും നമ്മുടെ അസ്തിത്വത്തിന്റെ അടിസ്ഥാന വശങ്ങളാക്കി, അനുഭവങ്ങളുമായും ഇടപെടലുകളുമായും മനുഷ്യർ അന്തർലീനമായി ബന്ധപ്പെട്ടിരിക്കുന്നു."സഹാനുഭുതിയുടെയും അനുകമ്പയുടെയും പരിവർത്തന ശക്തി" എന്ന പര്യവേക്ഷണവും വിഷയവും ഈ ഗുണങ്ങൾ നമ്മുടെ മനസ്സിന്റെയും ഹൃദയത്തിന്റെയും പരിണാമത്തിൽ ചെലുത്തുന്ന ആഴത്തിലുള്ള സ്വാധീനം വെളിപ്പെടുത്തുന്നു.

സഹാനുഭുതിയും അനുകമ്പയും വ്യക്തികളെ ന്യായവിധി കൂടാതെ മറ്റൊരു വ്യക്തിയുടെ സാഹചര്യം മനസ്സിലാക്കാനും ബന്ധപ്പെടാനും അനുവദിക്കുന്നു. മറ്റുള്ളവരെ സജീവമായി ശ്രദ്ധിക്കുന്നതിലൂടെയും അവരുടെ വികാരങ്ങൾ അംഗീകരിക്കുന്നതിലൂടെയും സമാന അനുഭവങ്ങൾ പങ്കുവെക്കുന്നതിലൂടെയും ഒരാൾക്ക് അവരുടെ ജീവിതത്തിലെ സന്തോഷങ്ങളിലും ദുഃഖങ്ങളിലും യഥാർത്ഥത്തിൽ പങ്കുചേരാനാകും. സഹാനുഭൂതി പങ്കിടുന്ന മനുഷ്യത്വബോധം വളർത്തുന്നു.

അനുകമ്പ സഹാനുഭൂതിയുടെ അടിസ്ഥാനമായി വർധിക്കുന്നു. പലപ്പോഴും ദയയുടെ റിസർവോയർ എന്ന് വിളിക്കപ്പെടുന്നു. സഹാനു ഭൂതി വ്യക്തികളെ, മനുഷ്യരെ മാത്രമല്ല, എല്ലാ ജീവജാലങ്ങളെയ, കഷ്ടപ്പാടുകൾ ലഘൂകരിക്കാൻ പ്രാപ്തരാക്കുന്നു. അനുകമ്പയുള്ള ഒരു ജീവി എന്നത് സഹതാപത്തിന് അതീതമാണ്; മറ്റുള്ളവരുടെ ക്ഷേമത്തിൽ സജീവമായി ഇടപെടുന്നതും സഹാനുഭൂതിയുടെയും ധാരണയുടെയും ഒരു റിസർവോയർ സൃഷ്ടിക്കുന്നതും ഇതിൽ ഉൾപ്പെടുന്നു

സഹാനുഭൂതി സാമൂഹിക മേഖലയെ സ്വാധീനിക്കാൻ വ്യക്തികളുടെ ഇടപെടലുകൾക്കപ്പുറം വ്യാപിക്കുന്നു. വ്യക്തികൾ മറ്റുള്ളവരുടെ കഷ്ടപ്പാടുകളെക്കുറിച്ച് ബോധവാന്മാരാകകയും അവരുംടെ പോരാട്ടത്തിന് സാക്ഷ്യം വഹിക്കുകയും ചെയ്യുമ്പോൾ, യഥാർത്ഥ അനുകമ്പയും സ്വാഭാവികമായും ഉയർന്നുവരുന്നു. ഈ ഗുണങ്ങൾ യോജിപ്പുള്ളതും അനുകൂലവുമായ ഒരു സമൂഹത്തെ വളർത്തുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു.

ദൈവിക ഗുണങ്ങൾ എന്ന് വിശേഷിപ്പിക്കപ്പെടുന്ന സഹാനുഭുതിയും അനുകമ്പയും പ്രപഞ്ചത്തിലെ സൃഷ്ടിയുടെ ശില്പികളാണ്. ഈ ഗുണങ്ങൾ നിറഞ്ഞ മനസ്സാണ് യഥാർത്ഥ അഭിവൃദ്ധിയുടെ താക്കോൽ. സഹാനുഭൂതിയുടെയും അനുകമ്പയുടെയും പരിശീലനത്തിൽ നിന്നാണ് ജീവിതത്തിന്റെ സമൃദ്ധി ഉയർന്നുവരുന്നത്, അതിനാൽ അവ സമൂഹത്തിന്റെ ക്ഷേമത്തിന് പിന്നിലെ പ്രേരകശക്തികളായി മാറുന്നു. ഈ ഗുണങ്ങൾ ഉൾക്കൊള്ളുകയും ദൈവികതയുടെ ഐക്യം തിരിച്ചറിയുകയും ആത്മനിയന്ത്രണം വളർത്തുകയും ചെയ്യുന്നത് സമൃദ്ധിയുടെയും സംതൃപ്തിയുടെയും പാതയിലേക്ക് നമ്മെ നയിക്കുന്നു. നിവൃത്തി .

സുബഹാന കെ

9 C

# യാത്ര വിവരണം

ഞാനും കുടുംബാംഗങ്ങളും കൂടി കുറ്ച്ചു മാസങ്ങൾക് മുൻപ് ആലപ്പുഴയിലേക്ക് യാത്ര പോയിരുന്നു.ഇവിടെ നിന്നും കാലത്ത് ആറുമണിക്ക് യാത്ര തുടങ്ങി

കുറച്ചു ദൂരം പിന്നിട്ടപ്പോൾ ഒരു ഇന്ത്യൻ കോഫി ഹൗസിൽ കയറി പ്രഭാത ഭക്ഷണം കഴിച്ച് യാത്ര തുടങ്ങി.ഏകദേശം 11.30ന് ഞങ്ങൾ ആലപ്പുഴ കായൽ കുരിശടി എന്ന സ്ഥലത്ത് എത്തുകയും ഞങ്ങൾക്കും കുടുംബാംഗങ്ങൾക്കും കായലിൽ ഉല്ലാസയാത്ര ചെയ്യുവാനായി ഒരു ഹൗസ് ബോട്ടിൽ കയറിയതും അതിലെ ജീവനക്കാർ ഞങ്ങൾക് welcome drinks തന്ന് സീകരിച്ച ശേഷം ഞങ്ങൾ കായൽ പരപ്പിലൂടെ ഹൗസ് ബോട്ടിൽ കിലോമീററുകളോളം കായലിൽ യാത്ര ചെയ്യുകയും കായൽ കാഴ്ചകൾ ആസ്വദിക്കുകയും ബോട്ടിൽ വെച്ച് ഞങ്ങൾ കുട്ടികളും വലിയവരും എല്ലാം ചേർന്ന് മ്യൂസിക് ചെയർ കളിക്കുകയും ഞങ്ങൾ പലവിനോദങ്ങളിൽ ഏർപ്പെടകയ ഏകദേശം 2മണിയോടുകൂടി ബോട്ട് കരയ്ക്ക് അടിപ്പിക്കുകയും കരിമീൻ കൂട്ടി വിഭവസമൃദമായ ഭക്ഷണം ബോട്ടിൽ വെച്ചുതന്നെ കഴിക്കുകയും കുറച്ചുനേരം റസ്ററ് എടുത്ത ശേഷം കായലിലൂടെ കാഴ്ച്ചകൾ കാണുകയും 5മണിവരെ കായലിൽ ചിലവഴിക്കുകയും 5മണിക്കുശേഷം ആലപ്പുഴബീച്ചിൽ പോയി അവിടെ കുറച്ചുനേരം ചിലവിട്ടുകയും ശേഷം യാത്ര തുടർന്ന് എറണ്ണാകുളം ലുലുമാളിൽ പോയി അവിടെയും കുറച്ചു നേരം ചിലവഴിച്ചു.ശേഷം വീട്ടിലേക്ക് മടങ്ങുകയും രാത്രി ഒരുമണിക്ക് വീട്ടിൽ തിരിച്ചെത്തി.ഈ യാത്ര എനിക്കും കുടുംബാംഗങ്ങൾക്കും സന്തോഷകരമായിരുന്നു.

ഫാത്തിമ ഷെയ്ക്ക്.എസ്
IX എ

# എഡിറ്റോറിയൽ അംഗങ്ങൾ



LittleKite

# നന്ദി

ലിറ്റിൽ കൈറ്റിന്റെ ഭാഗമായി
മാഗസിൻ തയാറാക്കാൻ
ഞങ്ങൾക്ക് രചനകൾ  നല്കിയ
സഹപാഠിക്കൾക്കും ആശംസകൾ
നല്കിയ എച്ച്. എം.മാനേജർ സാർ
എന്നിവർക്കും ഒപ്പം തന്നെ
ഞങ്ങൾക്ക് മാർഗനിർദ്ദേശങ്ങൾ
നൽകിയ അധ്യാപികമാർക്കും നന്ദി
അറിയിക്കുന്നു.

നന്ദി

നമസ്കാരം